രാമവമ്മ തമ്പുരാൻ.—മിസ്റ്റർ കെ. പി. വള്ളോൻ ചോദിച്ച മീനം ചോ -ാംനു- ദിവാൻജിക്ക് അയച്ച ഹർജിയിൽ താഴെ പറയുംപ്രകാരം അപേക്ഷിച്ചിരിക്കുന്നു.

"പുതുതായി ഒരു ഇൻസ്പെക്ടരുടെ നിയമനം ടി ഡിപ്പാർട്ടുമെണ്ടിൽ നടക്കുവാൻ ഇടയുണ്ടെന്നു് അറിയുന്നതു പരമാർത്ഥമെങ്കിൽ ശമ്പളത്തിനവേണ്ടി ഒരാളെ നിയമിക്കുന്നതിലും ഉത്തമം ഒരു അലവൻസ് തരുന്നപക്ഷം ഞാൻതന്നെ നടത്തുന്നതാണം്. ഈ കാര്യം ആലോചിച്ചു ചെയ്യുവാൻ അപേക്ഷിച്ചുകൊള്ളുന്നു."

Warden—Nettur Ullada Colony.

265. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടർ ഉള്ളാടകോളനിയിലെ വാർഡൻ ഏതുസമുദായത്തിൽപെട്ടതാണ";

(ഖ) അദ്ദേഹം ഒരു അംഗഹീനനാണെന്നുള്ള വാർത്ത ശരിയാണോ?

രാമവമ്മതമ്പുരാൻ.—തീയ്യ സമുദായത്തിൽപെട്ട ആളാണ്.

(ഘ) ടിയാന്റെ ഇടത്തെ കൈപ്പടം വെടിക്കെട്ടുകൊണ്ടു മുറിച്ചുകളഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—കയ്യുള്ള ആളുകൾ ഈ സ്റ്റേറ്റിൽ ഇല്ലാഞ്ഞിട്ടാണോ കയ്യില്ലാത്ത ആളെ വാർഡനായിട്ടു് നിയമിച്ചിരിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—അതിനെപ്പറ്റി എൻക്വയറി നടത്തിവരുന്നുണ്ടു്.

മിസ്റ്റർ എ. ശങ്കരപുത്തുവാൾ.—വെടിക്കെട്ടുകൊണ്ടു ഇടത്തുകൈ മുറിച്ചുകളഞ്ഞിട്ടുണ്ടെന്നു പറയുന്നു. ഇടത്തുകൈ പോയ ആൾക്കു വാർഡനാകുന്നതിനു എന്താണു് വിരോധം?

രാമവമ്മതമ്പുരാൻ.—അതിനെ സംബന്ധിച്ചുള്ള ഡീറെയിൽഡു് ഇൻഫർമേഷൻ ആവശ്യപ്പെട്ടിട്ടുണ്ടു്. മറുപടി കണ്ടു പറയാം.

Contractor—well—Malayatur Pulaya Colony.

266. മിസ്റ്റർ കെ. പി. വള്ളോൻ.—(ക) മലയാറ്റൂർ പുലയാകോളനിയിൽ കിണർ കഴിപ്പിച്ച ആൾക്കു് സംഖ്യകൊടുത്തിട്ടില്ലെന്നുള്ള ആവലാതിക്കുള്ള കാരണമെന്തു്;

(ഖ) ഈ ആവലാതിയെപ്പറ്റി വല്ല അന്വേഷണവും നടത്തീട്ടുണ്ടോ; ഉണ്ടെങ്കിൽ ആർ;

(ഗ) ടി ഹർജിക്കാരൻ ഏതു സമുദായത്തിൽ പെട്ടതാണു്?

രാമവമ്മ തമ്പുരാൻ.—(ക) കരാറുപ്രകാരം ഹർജിക്കാരൻ ചെയ്ത പണിക്കൂലിക്കു കൊടുക്കേണ്ടതായ സംഖ്യയെല്ലാം കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഗ) ഹർജിസംഗതിയെപ്പറ്റി പ്രൊട്ടക്ടർ മുഖാന്തരം.ഗവമ്മെണ്ട് അന്വേഷണം നടത്തീട്ടുണ്ട്.

(ന) തീയ്യസമുദായത്തിൽ.

മിസ്റ്റർ എ. ഇ്വേരമേനോൻ.—ആരുടെ പ്രവൃത്തിയെപ്പറ്റിയായിരുന്നു അവലാതി?

രാമവമ്മതമ്പുരാൻ.—പണം കിട്ടിയിട്ടില്ലെന്നുള്ളതിനെപ്പറ്റിയാണ് അവലാതി; അല്ലാതെ ആരുടേയും പ്രവൃത്തിയെപ്പറ്റിയല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വക അവലാതികാരുടെ എല്ലാം സംരക്ഷകനിൽ നിന്നും മറുപടി വരുത്തിയാൽ ശരിയാകുമോ?

രാമവമ്മതമ്പുരാൻ.—ഇതിനു് റിക്കാർഡ്സും ഫയൽസുമെല്ലാമില്ലേ? വെറുതെ എൻകയറി നടത്തണമെന്നു പറഞ്ഞാൽ എന്തു് എൻകയറിയാണ് നടത്തേണ്ടതു്? പണം കിട്ടിയതായിട്ടു് വെയ്പുണ്ടു്. ഈ സ്ഥിതിക്കു് അതിലേക്കു വേറെ ഒരന്വേഷണം വേണോ? ഓരോന്നിനൊക്കെ എൻകയറി നടത്തണമെന്നു പറഞ്ഞാൽ അതിനൊരവസാനം വേണ്ടേ?

മിസ്റ്റർ കെ. പി. വള്ളോൻ.—ഒരുദ്യോഗസ്ഥനെപ്പറ്റി പറയുമ്പോൾ അദ്ദേഹത്തോടു് തന്നെ അതിനെപ്പറ്റി ചോദിച്ചു് അദ്ദേഹം തരുന്ന മറുപടികൊണ്ടു തൃപ്തിപ്പെട്ടാൽമതിയോ?

രാമവമ്മതമ്പുരാൻ.—തൃപ്തിപ്പെടത്തക്ക രേഖകളുണ്ടെങ്കിൽ ധാരാളത്തിലധികമായി.

Remission of land revenue in flood-stricken areas.

267. Mr. P. S. Kesavan Nambudiri.—Adverting to the statement of the Hon'ble Member for Revenue in the last Budget Session, with reference to the cut motion No. 9 in Land Revenue, will the Government be pleased to state—

(a) whether they have got the report of the Tahsildar on the destruction of crops by flood in Karlam, Porathissery and the neighbouring villages in Kattur constituency;

(b) if the answer is in the affirmative, will they be pleased to place on the table a copy of the report;

(c) will the Government be pleased to state whether in the above flood-stricken areas any special reduction in the payment of land revenue has been made; if so, at what rate?

Mr. K. Achyuta Menon:—(a) There has been no separate report by the Tahsildar in regard to these villages in the Kattur constituency.

(b) Does not arise in view of the answer to (a).

LIBRARY ARCHIVES Kerala Legislative Assembly